## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3900 27.06.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

**അഡ്ഹോക്ക് നിയമനരീതി പ്രകാരം നിയമിക്കപ്പെട്ട മെഡിക്കൽ ഓഫീസർമാർ**

**ചോദ്യം**

**ശ്രീ. ഇ. പി. ജയരാജൻ**

(എ) ആരോഗ്യ വകുപ്പിൽ അഡ്ഹോക്ക് നിയമനരീതി പ്രകാരം എത്ര മെഡിക്കൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) ആരോഗ്യ വകുപ്പിൽ അഡ്ഹോക്ക് നിയമനരീതി പ്രകാരം 236 മെഡിക്കൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 10 |
| കൊല്ലം | 12 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 12 |
| കോട്ടയം | 8 |
| എറണാകുളം | 17 |
| ഇടുക്കി | 20 |
| തൃശ്ശൂർ | 12 |
| പാലക്കാട് | 11 |
| വയനാട് | 1 |
| മലപ്പുറം | 15 |
| കോഴിക്കോട് | 11 |
| കണ്ണൂർ | 46 |
| കാസർഗോഡ് | 53 |
| **ആകെ** | 236 |

| | |
|---|---|
| ബി) പി.എസ്.സി മുഖേന സ്ഥിരം നിയമനം ലഭിക്കുന്ന മെഡിക്കൽ ഓഫീസർക്കു നൽകുന്ന വേതനവും മറ്റ് ആനുകൂല്യങ്ങളും അഡ്ഹോക്ക് നിയമനം ലഭിക്കുന്നവർക്കും നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ ; | ബി) അഡ്ഹോക്ക് അടിസ്ഥാനത്തിൽ നിയമനം ലഭിക്കുന്ന മെഡിക്കൽ ഓഫീസർമാർക്ക് എച്ച്.ആർ.എ, സി.സി.എ ഒഴികെയുള്ള മറ്റ് അലവൻസുകൾക്ക് അർഹതയുണ്ട്. |
| (സി) അഡ്ഹോക്ക് നിയമനം ലഭിച്ച മെഡിക്കൽ ഓഫീസർമാർക്ക് റൂറൽ അലവൻസ് ലഭിക്കുന്നില്ല എന്നതു സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; | സി) ഉണ്ട്. |
| (ഡി) ആരോഗ്യ വകുപ്പിൽ മെഡിക്കൽ ഓഫീസർമാർക്ക് ക്ഷാമം നേരിടുമ്പോൾ അവകാശപ്പെട്ട ആനുകൂല്യംപോലും നൽകാതിരിക്കുന്നത് ചൂണ്ടിക്കാണിച്ച് നൽകിയ നിവേദനത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | ഡി) അഡ്ഹോക്ക് അടിസ്ഥാനത്തിൽ ഗ്രാമീണ മേഖലയിൽ നിയമിതരായ ഡോക്ടർമാർക്ക് റൂറൽ അലവൻസ് അനുവദിക്കുന്നതു സംബന്ധിച്ച നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ഇ) ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പ്, ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ ഉത്തരവിറക്കുകയും പ്രസ്തുത ഉത്തരവ് അക്കൌണ്ടന്റ് ജനറലിനു കൈമാറി അഡ്ഹോക്ക് നിയമനം കിട്ടിയ മെഡിക്കൽ ഓഫീസർമാർക്ക് പേസ്ലിപ്പ് നൽകുവാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | ഇ) അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിതരായ ഡോക്ടർമാർക്ക് അക്കൗണ്ടന്റ് ജനറലിന്റെ പേസ്ലിപ് പ്രകാരമല്ല ശമ്പളം നൽകി വരുന്നത്. അതാത് സ്ഥാപനത്തിലെ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പ്രകാരമാണ് ശമ്പളം നൽകി വരുന്നത്. |

Ajay Kh

സെക്ഷൻ ഓഫീസർ